ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പുനഃസംഘടനാനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) 1957-ലെ മൈൻസഡ് ആന്റ് മിനറൽസ് റഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ആക്ടും അതിന് അനുസൃതമായുള്ള 1960-ലെ മിനറൽ കൺസഷൻ റൂൾസ്, 1967-ലെ കെ.എം.എം.സി. ചട്ടങ്ങൾ എന്നിവയിൽ വിവക്ഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുവാൻ ഊർജ്ജിതമായ നടപടികൾ എടുക്കുന്നുണ്ട്.

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ജില്ലാതല ആഫീസുകൾ ഇല്ലാതിരുന്ന 6 ജില്ലകളിൽ 1997-ൽ ആഫീസ് തുടങ്ങുകയുണ്ടായി.

പൊതുമേഖലാ സ്ഥാപനങ്ങളിലെ വാളന്ററി റിട്ടയർമെന്റ്

13 (2810) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് മാത്യു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വാളന്ററി റിട്ടയർമെന്റ് മുഖേന ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ് പിരിച്ചുവിട്ടത്.

(സി) ഇതിന്റെ ഫലമായി പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ടോ :

(ഡി) തൊഴിലാളികൾക്ക് വാളന്ററി റിട്ടയർമെന്റ് നൽകിയ സ്ഥാപനങ്ങളിൽ പുതുതായി ആളുകളെ നിയമിച്ചിട്ടുണ്ടോ : എങ്കിൽ എത്ര പേരെ നിയമിച്ചു ?

ഉത്തരം

(എ) വാളന്ററി റിട്ടയർമെന്റ് സ്കീം മുഖേന ആരെയും പിരിച്ചുവിട്ടിട്ടില്ല. സ്വയം പിരിഞ്ഞു പോകാൻ താല്പര്യമുള്ളവർക്ക് അവസരം നൽകുന്നതേയുള്ളു.

(ബി&സി) ചോദ്യം ഉദിയ്ക്കുന്നില്ല.

(ഡി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വാളന്ററി റിട്ടയർമെന്റ് സ്കീം പ്രകാരം നഷ്ടപരിഹാരം വാങ്ങി സ്വമേധയാ പിരിഞ്ഞുപോയവരുടെ സ്ഥാനത്ത് പുതുതായി നിയമനം നടത്തുവാൻ പാടില്ല. മറിച്ച് നിയമനം നടത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly